ഭരണഭാഷ – മാതൃഭാഷ

എ4 – 4758/2018

ജില്ലാ വിദ്യാഭ്യാസ കാര്യാലയം,
ഇരിങ്ങാലക്കുട, തീയതി : 07.01.2019.
വെബ്സൈറ്റ് : www.deoirinjalakuda.org
ഇ–മെയിൽ : deoijk@yahoo.co.in

പ്രേഷകൻ,

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
ഇരിങ്ങാലക്കുട

സ്വീകർത്താവ്,

പ്രധാന അദ്ധ്യാപകർ
ഗവൺമെന്റ് /എയ്ഡഡ് / അൺ എയ്ഡഡ്

സർ,

*വിഷയം:–* *പൊതു വിദ്യാഭ്യാസം – സംസ്കൃതം വിദ്യാഭ്യാസ വികസനം – സ്കോളർഷിപ്പ് പരീക്ഷ – സംബന്ധിച്ച്.*

*സൂചന;–* *17.122018 ലെ പി എൽ (2)/27616/2018/ ഡി പി ഐ നമ്പർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്.*

*******

2018– 19 വർഷം സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷ ഹൈസ്കൂൾ വിഭാഗം 2019 ഫെബ്രുവരി ഒന്നിന് (01.02.2019) നടക്കുന്നു. സംസ്കൃതം പഠിപ്പിക്കുന്ന വിദ്യാലയങ്ങളിലെ 8,9,10 ക്ലാസ്സുകളിൽ നിന്നും രണ്ടു പേരെ വീതമാണ് പരീക്ഷയ്ക്ക് പങ്കെടുപ്പിക്കേണ്ടത്. നാഷ്ണൽ ഹൈസ്കൂൾ ഇരിങ്ങാലക്കുടയിൽ വെച്ചാണ് പരീക്ഷ നടക്കുന്നത് രാവിലെ 10 മണിയ്ക്ക് തന്നെ എല്ലാ വിദ്യാർത്ഥികളും പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

സംസ്കൃതം പഠിപ്പിക്കുന്ന അദ്ധ്യാപകർ എല്ലാവരും തന്നെ അന്നേ ദിവസം പരീക്ഷാ കേന്ദ്രത്തിൽ എത്തേണ്ടതാണ്. പരീക്ഷ കഴിഞ്ഞുള്ള മൂല്യ നിർണ്ണയത്തിലും അദ്ധ്യാപകർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പല അദ്ധ്യാപകരും മൂല്യ നിർണ്ണയ പരിപാടിയിൽ പങ്കെടുക്കാതെ നിൽക്കുന്നത് ജില്ലാ വിദ്യാഭ്യാസ ആഫിസറുടെ ശ്രദ്ധയില് പെട്ടിട്ടുള്ളതിനാൽ അന്നേ ദിവസം ഹാജരാക്കാത്ത അദ്ധ്യാപകരുടെ പേര് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്നതാണ്. പ്രധാന അദ്ധ്യാപകർ അന്നേ ദിവസം സംസ്കൃതം അദ്ധ്യാപകരെ നിർബന്ധമായും വിടുതൽ ചെയ്യേണ്ടതാണ്. വിദ്യാർത്ഥികളെ സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ട പൂർണ്ണ ഉത്തരവാദിത്വം പ്രധാന അദ്ധ്യാപകനാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

For ജില്ലാ വിദ്യാഭ്യാസ ആഫീസർ
ഇരിങ്ങാലക്കുട

ആർ എൻ: 15.01.2019.

Scanned by CamScanner